**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 755** **06-12-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി ടൗണിലെയും പുറമേരി ഗ്രാമപഞ്ചായത്തിലെ പെരുമുണ്ടച്ചെരി എന്ന പ്രദേശത്തിലെയും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | കുറ്റ്യാടി ടൗണിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ടൗണിൽ മാത്രമായി ഒരു 11 കെ.വി. ഫീഡർ വലിക്കുവാൻ തീരുമാനിച്ച് പ്രസ്തുത പ്രവൃത്തിക്കുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. പുറമേരി ഗ്രാമപഞ്ചായത്തിലെ പെരുമുണ്ടച്ചെരി എന്ന പ്രദേശത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനുമായി ആയഞ്ചേരി സെക്ഷനു കീഴിലെ ഇളയിടം കൈരളി മുതൽ പെരുമുണ്ടശ്ശേരി മസ്ജിദ് വരെ സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി കൈരളി പ്രദേശത്ത് KSEBLന്റെ ദ്യുതി 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു സിസ്റ്റം ഇംപ്രൂവ്മെന്റ് ഉം ലക്ഷ്യമിടുന്നു. |
| (ബി) | മണിയൂർ ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സബ്സ്റ്റേഷൻ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; പ്രസ്തുത സബ്സ്റ്റേഷൻ സ്ഥാപിതമാകുന്നതോടെ കുറ്റ്യാടി, പുറമേരി ഗ്രാമപഞ്ചായത്തുകളിൽ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം ഉണ്ടാകുമോ; വ്യക്തമാക്കുമോ? | (ബി) | മണിയൂർ സബ്സ്റ്റേഷനുമായി ബന്ധപ്പെട്ട് നിർമ്മാണത്തിനു അനുയോജ്യമായ സ്ഥലംകണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കുറ്റ്യാടി പുറമേരി പ്രദേശങ്ങളിൽ വൈദ്യുതി തടസ്സപ്പെടുമ്പോൾ അടിയന്തര ഘട്ടങ്ങളിൽ മണിയൂർ സബ്സ്റ്റേഷനിൽ നിന്ന് വൈദ്യുതി എത്തിക്കുവാൻ കഴിയുന്നതാണ്.<br><br>മണിയൂർ പഞ്ചായത്ത് പരിധിയിൽ വടകര മുനിസിപ്പാലിറ്റിയുടെ കൈവശമുള്ള നിലവിൽ 110 കെ വി ലൈൻ കടന്നു പോകുന്ന സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് മുൻസിപ്പൽ ഭരണ സമിതിയുമായി ആശയവിനിമയം നടത്തി അനുയോജ്യത പരിശോധിച്ച് വരുന്നു. കുറ്റ്യാടി, പുറമേരി ഗ്രാമ പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമത്തിന് മണിയൂർ സബ്സ്റ്റേഷന്റെ പൂർത്തീകരണം, പ്രസ്തുത പ്രദേശങ്ങൾ ഈ സബ്സ്റ്റേഷന്റെ വിതരണ പരിധിയിൽ ഉൾപ്പെടാത്തതിനാൽ പ്രത്യക്ഷ പരിഹാരം |

| | | | |
|---|---|---|---|
| | | | ആകുന്നില്ല. ഈ സബ്സ്റ്റേഷന്റെ നിർമ്മാണം 2025-26 ൽ ആണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ